സർവ്വശിക്ഷാ അഭിയാൻ പരിശീലന ക്യാമ്പ്

167 [750] *ശ്രീ. വി. ഡി. സതീശൻ:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വച്ച് 2005 ജൂൺ മാസത്തിൽ സർവ്വശിക്ഷാ അഭിയാൻ പരിശീലന ക്യാമ്പ് നടത്തുകയുണ്ടായോ;

(ബി) ഈ ക്യാമ്പിൽ വിദ്യാലയ ആസൂത്രണരേഖ അവതരിപ്പിച്ചിരുന്നോ; പ്രസ്തുത രേഖ തയ്യാറാക്കിയത് ആരെല്ലാം ചേർന്നാണ്;

(സി) അതിന്റെ ഫോട്ടോകോപ്പി ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത രേഖയിൽ ഇ. എം. എസ്. നമ്പൂതിരിപ്പാട്, വയലാർ രാമവർമ്മ തുടങ്ങിയവരുടെ ജൻമദിനം വിദ്യാലയങ്ങളിൽ നിർബന്ധമായും ആചരിക്കണമെന്നാവശ്യപ്പെടുമ്പോൾ രാഷ്ട്രപിതാവായ മഹാത്മജിയുടെയും മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെയും ജൻമദിനങ്ങൾ ആചരിക്കണമെന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വിശദീകരിക്കുമോ;

(എഫ്) പ്രസ്തുത രേഖയിൽ കിറ്റ് ഇന്ത്യാ ദിനം ആചരിക്കണമെന്നും പറയുന്നുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(എച്ച്) ഈ വിദ്യാലയ ആസൂത്രണ രേഖയെ ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ;

(ഐ) ഇല്ലെങ്കിൽ ഇതു തയ്യാറാക്കിയവരുടെ മേൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) ഉണ്ടായി.

(ബി) ഏപ്രിൽ മാസമാണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമമായി നടത്തിയത്. 15 സബ്ജില്ലകളിൽനിന്നും കിട്ടിയ നിർദ്ദേശങ്ങൾ ശ്രീ. കെ. രവീന്ദ്രൻ (ഡി. ഡി. ഇ. കണ്ണൂർ) ഒ. എം. ശങ്കരൻ (പ്രിൻസിപ്പൽ ഡയറ്റ്) ഡോ. വിജയൻ ചാലോട് (പ്രോഗ്രാം ഓഫീസർ, എസ്. എസ്. എ.) പി. മധുസൂദനൻ (പ്രോഗ്രാം ഓഫീസർ, എസ്. എസ്. എ.) വിനോദ് ബാബു (ഡി. ഇ. ഒ) എൻ. സി. അശോകൻ (ഡി. ഇ. ഒ) മുതൽപേർ ചേർന്നാണ് ക്രോഡീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ഉണ്ട്.

(ജി) സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവമായതുകൊണ്ട്.

(എച്ച്) & (ഐ) ഫലപ്രദമായ വിദ്യാലയപ്രവർത്തനങ്ങൾക്കായി ജില്ലാതലത്തിൽ തയ്യാറാക്കിയ രേഖയാണിത്.

എസ്. എസ്. എ. സ്കീമിന് ലഭിക്കുന്നതിൽനിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക

168 [751] *ശ്രീ. കെ. ബാബു:*
„ ബി. വിജയകുമാർ:
കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. സ്കീമനുസരിച്ച് ലഭിക്കുന്ന തുകയുടെ എത്ര ശതമാനമാണ് നിർമ്മാണപ്രവർത്തനങ്ങൾക്ക് നീക്കിവച്ചിട്ടുള്ളത്;

(ബി) ഇതുവരെ എന്തു തുക നിർമ്മാണപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു;

(സി) നിർമ്മാണപ്രവർത്തനങ്ങൾക്ക് വിനിയോഗിച്ച തുകയിൽ ക്രമരഹിത ചെലവഴിക്കൽ നടന്നിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് ഇക്കാര്യം അന്വേഷിക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) 33%.

(ബി) 2002-03 — 1,071.65 ലക്ഷം
2003-04 — 2,224.15 ലക്ഷം
2004-05 — 3,324.55 ലക്ഷം.

(സി) ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

(ഡി) വിശദാന്വേഷണം ആവശ്യമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/574/2012—25

LIBRARY ARCHIVES Kerala Legislative Assembly